**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1308** **01-02-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ റസ്റ്റ് ഹൗസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആകെ എത്ര റസ്റ്റ് ഹൗസുകളും വിശ്രമ കേന്ദ്രങ്ങളും ആണ് നിലവിലുള്ളത്; ഇതിൽ പൂർണ്ണ തോതിൽ പ്രവർത്തനക്ഷമം ആയിട്ടുള്ളവ എത്ര എണ്ണമാണ്; ജില്ലയും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആകെ 154 റസ്റ്റ് ഹൗസുകളാണ് ഉള്ളത്. ആയതിൽ 141 എണ്ണം പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമാണ്. ജില്ലാ അടിസ്ഥാനത്തിൽ ഉള്ള കണക്ക് അനുബന്ധം.I ആയി ചേർക്കുന്നു. |
| (ബി) | ഇവയിൽ ഓരോ വിഭാഗത്തിലും എത്ര ജീവനക്കാരുടെ തസ്തികകളാണ് നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ളത്; | (ബി) | റസ്റ്റ് ഹൗസിലെ ജീവനക്കാരുടെ അംഗീകൃത തസ്തികകൾ സംബന്ധിച്ച വിശദവിവരം അനുബന്ധം.II ആയി ചേർക്കുന്നു |
| (സി) | പ്രസ്തുത സ്ഥാപനങ്ങളിൽ ആകെ എത്ര ജീവനക്കാരാണ് നിലവിലുള്ളത്; ആകെ തസ്തിക, താൽക്കാലിക നിയമനം, സ്ഥിര നിയമനം, എന്നിങ്ങനെ തരംതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (സി) | നിലവിലുള്ള ആകെ ജീവനക്കാരുടെ എണ്ണം 550 (419 സ്ഥിരം ജീവനക്കാർ + 132 തൽക്കാലിക ജീവനക്കാർ + 26 താൽക്കാലിക ചുമതലയുള്ള വാനിഷിംഗ് കാറ്റഗറിയിൽ ഉള്ള റോളർ ഡ്രൈവർ, റോളർ ക്ലീനർ ജീവനക്കാർ) ആണ്. ജീവനക്കാരെ സംബന്ധിച്ച തരംതിരിച്ച പട്ടിക ചുവടെ ചേർക്കുന്നു.<br><br>ആകെ തസ്തിക : 419<br><br>സ്ഥിരം ജീവനക്കാർ : 419<br><br>താൽക്കാലിക ജീവനക്കാർ : 132<br><br>നിലവിലെ ഒഴിവ് : 27 |
| (ഡി) | ജീവനക്കാരുടെ എണ്ണം കുറവായത് മൂലം നിലവിലുള്ള ജീവനക്കാർക്ക് ജോലിഭാരം അധികമാണെന്നും താമസത്തിന് എത്തുന്നവർക്ക് വേണ്ടത്ര സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിയുന്നില്ല എന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളിൽ ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി ഓരോ റസ്റ്റ് ഹൗസിന്റെയും സുഗമമായ പ്രവർത്തനത്തിന് ആവശ്യം വേണ്ട താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് വേണ്ടി ചീഫ് എഞ്ചിനീയർ(ഭരണം) സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഇ) | ഇതിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് താമസക്കാർക്ക് പ്രഭാത ഭക്ഷണം, ചായ, കാപ്പി | (ഇ) | പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളിൽ പ്രഭാത ഭക്ഷണം ലഭ്യമാക്കുന്നില്ല. എന്നാൽ ചില |

| | | | |
|---|---|---|---|
| | എന്നിവ ഉൾപ്പെടെയുള്ള ആഹാര പദാർത്ഥങ്ങൾ ലഭ്യമാക്കുന്നത്; | | റസ്റ്റ്ഹൗസുകളിൽ ക്യാൻറീൻ സൗകര്യം ലഭ്യമാണ്. പൊതുമരാമത്ത് വകുപ്പ് റസ്റ്റ്ഹൗസുകളിൽ ക്യാൻറീൻ സൗകര്യം ലഭ്യമായവയുടെ വിശദാംശങ്ങൾ അനുബന്ധം.III ആയി ചേർക്കുന്നു. |
| (എഫ്) | വടകര നിയോജക മണ്ഡലത്തിലെ ഏക റസ്റ്റ് ഹൗസ് ആയ വടകര റസ്റ്റ് ഹൗസിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അടിയന്തരമായി നടപ്പാക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; | (എഫ്) | വടകര നിയോജക മണ്ഡലത്തിലെ വടകര റസ്റ്റ് ഹൗസിന്റെ അടിയന്തിര പുനരുദ്ധാരണ പ്രവൃത്തികൾക്കായുള്ള 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |
| (ജി) | ഹോട്ടലുകളിൽ ടാക്സി ഡ്രൈവർമാർക്ക് താമസസൗകര്യം ഏർപ്പെടുത്തുന്നതിനായി മുൻകൈയെടുക്കുന്നത് പോലെ റസ്റ്റ് ഹൗസുകളിൽ താമസത്തിന് എത്തുന്ന മന്ത്രിമാരുടെയും എം.എൽ.എമാരുടെയും മറ്റ് ഉന്നത ഉദ്യോഗസ്ഥരുടെയും കൂടെ യാത്ര ചെയ്യുന്ന ഡ്രൈവറിനോ പേഴ്സണൽ അസിസ്റ്റന്റിനോ കൂടി റസ്റ്റ് ഹൗസുകളിലും മറ്റു വിശ്രമകേന്ദ്രങ്ങളിലും താമസസൗകര്യം ഒരുക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ? | (ജി) | പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളിൽ മുൻകൂട്ടി റിസർവ് ചെയ്യുന്ന പക്ഷം മുറികൾ ഒഴിവ് ഉണ്ടെങ്കിൽ നൽകി വരാറുണ്ട്. കൂടാതെ വിവിധ വകുപ്പുകളിലെ ബഹു. മന്ത്രിമാരുടെ ഡ്രൈവർമാരെയും ഗൺമാനേയും പാർപ്പിക്കാനായി പ്രധാന വിശ്രമ കേന്ദ്രങ്ങളിലെ ഒരു മുറി ഡോർമിറ്ററിയായി നിലനിർത്താൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിലെ എല്ലാ എക്സിക്യൂട്ടിവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം.I</u>**

| ക്രമ നമ്പർ | ജില്ല | ആകെ റസ്റ്റ് ഹൗസുകൾ | പൂർണ്ണതോതിൽ പ്രവർത്തിക്കുന്നവ |
|---|---|---|---|
| 1 | തിരുവനന്തപുരം | 9 | 9 |
| 2 | കൊല്ലം | 13 | 11 |
| 3 | പത്തനംതിട്ട | 9 | 9 |
| 4 | ആലപ്പുഴ | 8 | 8 |
| 5 | കോട്ടയം | 10 | 10 |
| 6 | ഇടുക്കി | 11 | 10 |
| 7 | എറണാകുളം | 17 | 14 |
| 8 | തൃശ്ശൂർ | 9 | 9 |
| 9 | പാലക്കാട് | 14 | 12 |
| 10 | മലപ്പുറം | 18 | 18 |
| 11 | കോഴിക്കോട് | 10 | 9 |
| 12 | വയനാട് | 7 | 7 |
| 13 | കണ്ണൂർ | 12 | 9 |
| 14 | കാസർഗോഡ് | 7 | 6 |

**സെക്ഷൻ ഓഫീസർ**

<u>**അനുബന്ധം.II**</u>

| **തസ്തിക** | **എണ്ണം** |
|---|---|
| മാനേജർ ഗ്രേഡ് I | 5 |
| മാനേജർ ഗ്രേഡ് II | 15 |
| കെയർ ടേക്കർ | 49 |
| കുക്ക് കം വാച്ചർ | 94 |
| വാച്ച്മാൻ | 26 |
| ബട് ലർ | 13 |
| ഗാർഡ്നർ | 09 |
| വെയ്റ്റർ | 03 |
| മേട്ടി | 14 |
| ധോബി | 01 |
| കുക്ക് | 12 |
| വാച്ചർ കം ഗാർഡ്നർ | 01 |
| പാർട്ട് ടൈം സ്വീപ്പർ | 104 |
| ഫുൾ ടൈം സ്വീപ്പർ | 3 |
| സ്വീപ്പർ കം ക്ലീനർ | 5 |
| സ്വീപ്പർ കം സ്കാവഞ്ചർ | 3 |
| <u>Post deployed from National Highway</u> | |
| ജൂനിയർ സൂപ്രണ്ട് | 3 |
| ഹെഡ് ക്ലാർക്ക് | 3 |
| ക്ലാർക്ക് | 22 |
| ഓഫീസ് അറ്റൻ്റഡൻ്റ് | 29 |
| വാച്ച്മാൻ | 5 |
| **ആകെ** | **419** |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം.III

| ക്രമ നമ്പർ | ജില്ല | ക്യാൻറ്റീൻ സൗകര്യം ലഭ്യമായ റസ്റ്റ്ഹൗസ് |
|---|---|---|
| 1 | തിരുവനന്തപുരം | പാറശ്ശാല, തൈക്കാട് |
| 2 | കൊല്ലം | കൊല്ലം, അച്ചൻകോവിൽ, ഐ.ബി |
| 3 | പത്തനംതിട്ട | പത്തനംതിട്ട |
| 4 | ആലപ്പുഴ | ആലപ്പുഴ, കായംകുളം, മാവേലിക്കര |
| 5 | കോട്ടയം | പാല, വൈക്കം |
| 6 | ഇടുക്കി | തൊടുപുഴ, മൂന്നാർ |
| 7 | എറണാകുളം | എറണാകുളം, കളമശ്ശേരി, പത്തടിപ്പാലം |
| 8 | തൃശ്ശൂർ | കൊടുങ്ങല്ലൂർ, തൃശ്ശൂർ |
| 9 | പാലക്കാട് | പാലക്കാട് |
| 10 | മലപ്പുറം | ഇല്ല |
| 11 | കോഴിക്കോട് | ഇല്ല |
| 12 | വയനാട് | കൽപ്പറ്റ |
| 13 | കണ്ണൂർ | തലശ്ശേരി |
| 14 | കാസർഗോഡ് | കാസർഗോഡ് |

**സെക്ഷൻ ഓഫീസർ**